# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **2338** — 05-12-2018 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം തുറമുഖത്തിന്റെ കമ്മീഷനിങ് തീയതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.വി.വിജയദാസ് : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖം കമ്മീഷൻ ചെയ്യുന്നതിനുള്ള കാലാവധി അവസാനിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ ; | (എ) | ഇല്ല. 2019 ഡിസംബർ-3 ന് ഒന്നാം ഘട്ടം പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ബി) | പ്രസ്തുത തുറമുഖം എന്നു മുതൽ കമ്മീഷൻ ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതിന് എന്തെങ്കിലും സാങ്കേതിക തടസമുണ്ടോ; വിശദമാക്കുമോ ; | (ബി) | സർക്കാർ സ്വകാര്യ പങ്കാളിയുമായി ഏർപ്പെട്ട കരാർ പ്രകാരം 2019 ഡിസംബർ 3 ന് ഒന്നാം ഘട്ടം കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതിയുടെ നിർണ്ണായക ഘടകമായ പുലിമുട്ട് നിർമ്മാണത്തിന് ആവശ്യമായ പാറ യഥാസമയം ലഭിക്കാനുള്ള കാലതാമസവും ഓഖി ചുഴലിക്കാറ്റും കാരണം പ്രൊജക്ട് നിർവ്വഹണത്തിൽ കാലവിളംബം നേരിട്ടതായി അദാനി കമ്പനി അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത തുറമുഖത്തിന്റെ കരാറുമായി ബന്ധപ്പെട്ടുള്ള സി.എ.ജി. റിപ്പോർട്ടിന്മേലുള്ള അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ ? | (സി) | കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ 2016 മാർച്ച് 31 ന് അവസാനിച്ച വർഷത്തേക്കുള്ള ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ക്രമപ്രകാരമല്ലാത്ത കാര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്തുവാനായി ശ്രീ.സി.എൻ രാമചന്ദ്രൻ നായർ (റിട്ട. ഹൈക്കോടതി ജഡ്ജി) ചെയർമാനും, ശ്രീ. കെ. മോഹൻദാസ്. ഐ.എ.എസ് (റിട്ട) ശ്രീ. പി.ജെ. മാത്യു. ഐ.എ &.എ.എസ് (റിട്ട) എന്നിവർ അംഗങ്ങളുമായുള്ള ഒരു ഇൻക്വയറി കമ്മീഷനെ 2017 ജൂലൈ 20 ന് നിയമിച്ചിട്ടുണ്ട്. ആറു മാസത്തിനകം അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കണമെന്നായിരുന്നു നിർദ്ദേശം. കമ്മീഷന് 2019 ജനുവരി 19 വരെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. കമ്മീഷൻ ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേട്ട് സിറ്റിംഗ് പൂർത്തിയാക്കിക്കഴിഞ്ഞു. |

**സെക്ഷൻ ഓഫീസർ**